ഉത്തരം

മംഗല്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചിട്ടുള്ള വരുമാനം

28 [2494] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02, 2002-03, 2003-04 വർഷങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചിട്ടുള്ള വരുമാനമെത്രയാണ്;

(ബി) 2004-05-ൽ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതിലൂടെ സർക്കാർ ഉദ്ദേശിച്ചതരത്തിൽ റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) വരുമാനം താഴെ കൊടുക്കുന്നു.

വർഷം	വരുമാനം
2001-02	312.84 കോടി രൂപ
2002-03	395.32 കോടി രൂപ
2003-04	419.13 കോടി രൂപ

(ബി & സി) സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകളിൽ കുറവു വരുത്തി ഇറക്കിയ ഉത്തരവിനു പിന്നാലെ ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 5-1-2004 തീയതി മുതൽ പ്രാബല്യത്തിൽ മറ്റൊരു ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ 19-2-2004-ൽ ന്യായവില ഉത്തരവ് പിൻവലിക്കുകയും, കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് തുടരുകയും ചെയ്തതുമൂലം വരുമാനത്തിൽ കുറവാണ് ഉണ്ടായിട്ടുള്ളത്.

സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ വരുമാനം

29 [2495] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്റ്റാമ്പ്ഡ്യൂട്ടി കുറയ്ക്കുവാൻ തീരുമാനമെടുത്തത് ഏതെങ്കിലും സമിതിയുടെ ശുപാർശകൾ പ്രകാരമായിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിമാസം എന്തു തുകയാണ് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ചിരുന്നത്;

(സി) സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ഡി) എത്ര തുകയാണ് പ്രതിമാസം പ്രസ്തുത ഇനത്തിൽ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ നിയോഗിച്ച നിയമ പരിഷ്കരണ സമിതിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുവാൻ തീരുമാനമെടുത്തത്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതിനു മുമ്പുള്ള ഒരു വർഷത്തെ ശരാശരി പ്രതിമാസ വരുമാനം 36.09 കോടി രൂപയായിരുന്നു.

(സി) ഭൂമിയുടെ ന്യായവില പിൻവലിച്ച സാഹചര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കു വർദ്ധനയിലൂടെ മാത്രമേ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യത്തിലാണ് ഇത്.

(ഡി) 31.51 കോടി രൂപയാണ് (2004-05-ലെ കണക്കനുസരിച്ച്) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന ശരാശരി പ്രതിമാസ വരുമാനം.

എക്സൈസ് വകുപ്പിലൂടെയുള്ള വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ

30 [2496] ശ്രീ. കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ് :

„ സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. അധികാരത്തിൽ വന്നതിനുശേഷം മദ്യവ്യവസായത്തിലൂടെ ഓരോ വർഷവും സർക്കാരിന് ലഭിച്ച വരുമാനം എത്രയാണ്; ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം എക്സൈസ് വകുപ്പിലൂടെയുള്ള വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	വരുമാനം (കോടിയിൽ)
2001-02	534.09
2002-03	656.48
2003-04	663.55
2004-05 (2005 ഫെബ്രുവരി 28 വരെ)	555.43

LIBRARY ARCHIVES Kerala Legislative Assembly